**കേരള സർക്കാർ**

പൊതുഭരണ (ഏകോപന) വകുപ്പ്

നമ്പർ. 38722/സി.ഡി.എൻ.4/09/പൊ.ഭ.വ. തിരുവനന്തപുരം, തീയതി, 15-03-2010.

## സ ർ ക്കു ല ർ

വിഷയം :- ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി - സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ഒരു ദിവസത്തെ ശമ്പളം സംഭാവനയായി ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന :- 18-12-2009-ലെ ബഹു : തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെ 583/09/എം (എൽ.എസ്.ജി) നമ്പർ കുറിപ്പ്.

------------

ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിലേയ്ക്ക് സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ ഒരു ദിവസത്തെ ശമ്പളം സംഭാവന ചെയ്യണമെന്ന് 11-12-2009-ലെ സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായുള്ള ചർച്ചയിൽ ബഹു: മുഖ്യമന്ത്രി അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത ചർച്ചയിൽ പൊതുവേ സ്വീകാര്യമായ ഈ അഭ്യർത്ഥന പ്രകാരം, സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടേയും അദ്ധ്യാപകരുടേയും മാർച്ച് മാസത്തെ ശമ്പളത്തിൽനിന്നും ഒരു ദിവസത്തെ ശമ്പളം, അവരുടെ സമ്മതത്തിന് വിധേയമായി (ഇതോടൊപ്പം ചേർത്തിരിക്കുന്ന മാതൃക അനുസരിച്ച്) കുറവുചെയ്ത്, ഇ.എം.എസ്. ഭവനനിധിയിലേയ്ക്ക് അടയ്ക്കുവാൻ എല്ലാ വകുപ്പദ്ധ്യക്ഷന്മാരേയും, ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിയമം, ധനകാര്യം, പൊതുഭരണം എന്നീ വകുപ്പുകളിലെ ജീവനക്കാരുടെ അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്ന ബന്ധപ്പെട്ട അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറിമാരേയും അധികാരപ്പെടുത്തി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

2. ഇപ്രകാരം ഇ.എം.എസ്. ഭവന പദ്ധതിയിലേയ്ക്ക് സമാഹരിച്ച സംഭാവനകൾ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഇ.എം.എസ്. ഭവന നിർമ്മാണനിധിയുടെ ചെയർമാൻ (തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി), കൺവീനർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി) എന്നിവരുടെ പേരിൽ **STSB 15694** എന്ന നമ്പരിൽ തുറന്നിട്ടുള്ള ജോയിന്റ് അക്കൗണ്ടിൽ വകുപ്പദ്ധ്യക്ഷന്മാരുൾപ്പെടെയുള്ള മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ നിക്ഷേപിക്കത്തക്കവണ്ണം ഡിമാന്റ് ഡ്രാഫ്റ്റായി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. എം. ഉണ്ണികൃഷ്ണന്റെ പേരിൽ അയക്കേണ്ടതുമാണ്. ഗസറ്റഡ് ഓഫീസർമാരുടെ സംഭാവനകൂടി ഉൾപ്പെടുത്തിയാകണം ഡിമാന്റ് ഡ്രാഫ്റ്റ് എടുക്കേണ്ടത്. സമാഹരിച്ച തുകയ്ക്ക് ബന്ധപ്പെട്ട ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർ രസീത് നൽകേണ്ടതും, രസീതിയുടെ അഭാവത്തിൽ ഡി.ഡി. എടുക്കാവാനുപയോഗിച്ച ലിസ്റ്റ് രസീതിയായി പരിഗണിക്കാവുന്നതുമാണ്.

**നീലാ ഗംഗാധരൻ**
**ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, പൊതുഭരണം വകുപ്പുകളിലെ
അക്കൗണ്ട്സ് സെക്ഷന്റെ ചുമതലയുള്ള അഡീഷണൽ/ജോയിന്റ് സെക്രട്ടറിക്ക്.
എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും,
ഉപ വകുപ്പുകൾക്കും, ആഫീസർമാർക്കും.

വിവര പൊതുജന സമ്പർക്ക വകുപ്പ് (ദൃശ്യ-പത്ര മാധ്യമങ്ങളിലൂടെ വിപുലമായ പ്രചാരണത്തിന്)
സെക്രട്ടറി, നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ (സബോർഡിനേറ്റ് ജുഡീഷ്യറി), കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ഗവർണറുടെ സെക്രട്ടറിക്ക്, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
റസിഡന്റ് കമ്മീഷണർ, കേരള ഹൗസ്, ന്യൂഡൽഹി
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ബാക്ക്‌വേഡ് ക്ലാസസ്, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം
സെക്രട്ടറി, ഔദ്യോഗിക ഭാഷ (ലെജിസ്ലേറ്റീവ്) കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)സെക്രട്ടറി,
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

(..................................2)

സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പു കമ്മീഷൻ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന കാർഷിക കമ്മീഷൻ, സ്റ്റേറ്റ് പ്ലാനിംഗ്ബോർഡ്, പട്ടം, തിരുവനന്തപുരം.
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരള, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള/കൊച്ചി/കാലിക്കറ്റ്/മഹാത്മാഗാന്ധി/കണ്ണൂർ യൂണിവേഴ്സിറ്റി (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, മണ്ണുത്തി, തൃശൂർ (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി, കാലടി, ആലുവ (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
ധന വകുപ്പ് (29-01-10-ലെ 4598/എസ്.എൽ2/10/ധന. പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ് : ബഹു : മുഖ്യമന്ത്രിയുടെ പ്രൈവറ്റ് /പൊളിറ്റിക്കൽ/ സ്പെഷ്യൽ സെക്രട്ടറിക്ക്
ബഹു : മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്
ബഹു : തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
പൊതുഭരണ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

---

അനുബന്ധം

## സമ്മതപത്രത്തിന്റെ മാതൃക

ഇ.എം.എസ്. ഭവന നിധിയിലേയ്ക്ക് സംഭാവനയായി..........................................രൂപ 2010 മാർച്ച് മാസത്തിലെ ശമ്പളത്തിൽനിന്ന് കുറവ് ചെയ്യുന്നതിന് ഞാൻ ഇതിനാൽ സമ്മതം രേഖപ്പെടുത്തുന്നു.

ഒപ്പ് :

പേര് :

സ്ഥലം : തസ്തിക :

തീയതി : ആഫീസ് :